ശുചിത്വമിഷൻ
തദ്ദേശ സ്വയംഭരണ വകുപ്പ്
കേരളസർക്കാർ

**മാലിന്യ സംസ്കരണം - ജനകീയ കാമ്പയിൻ - സംസ്ഥാനതല ശിൽപശാല സംഘടിപ്പിച്ചു.**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ ക്യാമ്പയിനുകളുടെ അന്തിമ രൂപരേഖ തയ്യാറാക്കുന്നതിനും, ജില്ലാതല തദ്ദേശ സ്വയംഭരണ സ്ഥാപനതല റിസോഴ്സ് പേഴ്സൺമാരുടെ പരിശീലന കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും, ശാസ്ത്രീയ മാലിന്യ പരിപാലനത്തിൽ പരിശീലനം നൽകുന്നതിനുമായി സംസ്ഥാന കീ റിസോഴ്സ് പേഴ്സൺമാർക്കുള്ള ശിൽപശാല 22.02.2017 ന് തിരുവനന്തപുരത്ത് വനശ്രീ ആഡിറ്റോറിയത്തിൽ നടന്നു. പ്രസ്തുത ശിൽപശാലയിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകി, ഹരിതകേരളം ടെക്നിക്കൽ അഡ്വൈസർ ഡോ.ആർ.അജയകുമാർ വർമ്മ, ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) ശ്രീ.സി.വി.ജോയ്, ശുചിത്വമിഷൻ സീനിയർ കൺസൾട്ടന്റ് ശ്രീ.കേശവൻ നായർ, പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു) ശ്രീ.അമീർഷാ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വമിഷൻ ഏറ്റെടുക്കുന്ന പ്രധാന മേഖലകളിലെ ശുചിത്വ പരിപാലന പരിപാടികളെക്കുറിച്ച് ശിൽപശാല ചർച്ച ചെയ്തു. ഖരമാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം, അടുക്കള മാലിന്യത്തിന്റെ ശാസ്ത്രീയ പരിപാലനം, അറവുശാലകൾ സ്ഥാപിക്കൽ, ശുചിത്വം സംബന്ധിച്ചുള്ള ഐ.ഇ.സി പരിപാടികൾ എന്നിവ ചർച്ചാ വിഷയങ്ങളായിരുന്നു. ത്രിതല പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും പരിശീലനം നൽകുമ്പോൾ തയ്യാറാക്കേണ്ട പരിശീലന സഹായിക്ക് ശിൽപശാല അന്തിമരൂപം നൽകി. തുടർന്ന് നടന്ന പാനൽ ചർച്ചയിൽ മാലിന്യസംസ്കരണവുമായ് ബന്ധപ്പെട്ട അന്തിമ രൂപരേഖ രൂപപ്പെടുത്തുകയും പരിശീലന കർമ്മപദ്ധതിയുടെ കരട് തയ്യാറാക്കുകയും ചെയ്തു.